പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5214* 30.06.2014-ൽ മറുപടിക്ക്

<u>ബസ് യാത്രക്കാരിൽ നിന്ന് സെസ്</u>

<u>ചോദ്യം</u>

ശ്രീ. കെ. കെ. നാരായണൻ :

<u>ഉത്തരം</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ദീർഘ ദൂര യാത്രക്കാരുടെ ടിക്കറ്റ് നിരക്കിൽ സെസ് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ; | (എ) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ 15 രൂപക്ക് മുകളിലുള്ള ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ സെസ്സ് പദ്ധതി ഇനത്തിൽ നിശ്ചിത തുക ഈടാക്കി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഒരു പദ്ധതി പരിഗണനയിലാണ്. |
| (ബി) | ഇപ്രകാരമുള്ള സെസ്സ് പ്രൈവറ്റ് ബസ്സിൽ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ; | (ബി) യും (സി) യും | നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | പ്രസ്തുത തുക പ്രൈവറ്റ് ബസ്സ് ജീവനക്കാരുടെ ക്ഷേമ നിധിയിൽ അടയ്ക്കുന്ന കാര്യം പരിഗണിക്കുമോ ; | | |
| (ഡി) | കെ.എസ്.ആർ.ടി.സി.-യിൽ മാത്രം സെസ്സ് ഏർപ്പെടുത്തിയാൽ ജനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ യാത്ര ചെയ്യാൻ മടിക്കുമെന്നും ഇത് പ്രൈവറ്റ് ബസ്സുകാരെ സഹായിക്കുന്ന പദ്ധതിയാകുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി ബസ്സുകളിൽ സെസ്സ് തുക കൂടി നൽകി യാത്ര ചെയ്യുന്ന യാത്രക്കാർക്ക് യാത്രക്കിടയിലുണ്ടാകുന്ന അപകടങ്ങൾ മൂലമുള്ള ആശുപത്രി ചിലവുകൾ, അടിയന്തിര സഹായം എന്നിവ ലഭ്യമാക്കുന്നതിനും, ബസ് സ്റ്റേഷനുകളിൽ മെച്ചപ്പെട്ട ശീതീകരിച്ച് കാത്തിരിപ്പ് കേന്ദ്രങ്ങളും, ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും സാമൂഹ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷാ സെസ്സ് മുഖേന ലഭിക്കുന്ന തുക പ്രയോജനപ്പെടുമെന്നതിനാൽ യാത്രക്കാർ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്ര ചെയ്യുവാൻ മടിക്കുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ